പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1855 **26-10-2026-ൽ മറുപടിയ്ക്ക്**

മെഡിക്കൽ കോളേജുകളിലെ ധനകാര്യ പരിശോധന

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം 2024, 2025 വർഷങ്ങളിൽ നടത്തിയ പരിശോധനയിൽ സാമ്പത്തിക ഇടപാടുകളിലും ധന വിനിയോഗങ്ങളിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം SAT ആശുപത്രി, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (KASP) നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം 2024, 2025 വർഷങ്ങളിൽ നടത്തിയ പരിശോധനകളിൽ സാമ്പത്തിക ഇടപാടുകളിലും ധനവിനിയോഗങ്ങളിലും കൃത്യമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ സാമ്പത്തിക ഇടപാടുകളും ധനവിനിയോഗവും ആഭ്യന്തര പരിശോധനയും കുറ്റമറ്റതാക്കുന്നതിനായി ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫീസറെ നിയമിക്കണമെന്ന് പ്രസ്തുത പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നോ;

മറുപടി: ABPMJAY-KASP പദ്ധതിയുടെയും മറ്റ് സർക്കാർ പദ്ധതികളുടെയും നടത്തിപ്പിനും വിവിധ പർച്ചേസുകൾക്കും സുതാര്യമായ ധനവിനിയോഗത്തിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി ധനകാര്യ വകുപ്പിൽ നിന്നുള്ള ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഫിനാൻസ് ഓഫീസർ തസ്തികയിൽ എല്ലാ മെഡിക്കൽ കോളേജുകളിലും നിയമിക്കുന്നതിന് പ്രസ്തുത പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു.

(സി) എങ്കിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മറുപടി: ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രസ്തുത ശിപാർശയിന്മേൽ ഭരണവകുപ്പായ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമായി ചേർന്ന് തുടർനടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ